# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.436/PR/PIC/PHQ/14 Date : 09.11.2014

---

**ജനമൈത്രി അന്താരാഷ്ട്രസെമിനാർ: ഫുട്ബോൾ പ്രദർശന മത്സരം ഇന്ന് (10.11.14)**

നവംബർ 13,14 തീയതികളിലായി തിരുവനന്തപുരത്തു നടക്കുന്ന ജനമൈത്രി പോലീസ് അന്താരാഷ്ട്ര കോൺഫറൻസിനു മുന്നോടിയായി പ്രദർശന ഫുട്ബാൾ മത്സരം നടത്തുന്നു. ന്യൂഡൽഹിയിൽ നടന്ന ഇന്റർനാഷണൽ സ്കൂൾ സുബ്രോത ക്ലബ് ടൂർണമെന്റിൽ ബ്രസീലിലെ സ്കൂൾ ടീമുമായുള്ള ഫൈനൽ മത്സരത്തിൽ വെള്ളി മെഡൽ നേടിയ മലപ്പുറം എം.എസ്.പി സ്കൂൾ ടീമും സംസ്ഥാന ചാമ്പ്യൻമാരായ എസ ്.ബി.റ്റി ടീമും തമ്മിലാണ് മത്സരം. നവംബർ 10-ാം തീയതി വൈകുന്നേരം 4.30 മണിക്ക് തിരുവന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ അരങ്ങേറുന്ന മത്സരം സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രഹ്മണ്യൻ ഉദ്ഘാടനം നിർവഹിക്കും. മറ്റു ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുക്കും. പ്രവേശനം സൗജന്യമാണ്.